# എൻ.എസ്.എസ്.ഹയർസെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യാപകഒഴിവുകൾ നികത്തുന്നതിന് സർക്കാർ സത്വരനടപടികൾ സ്വീകരിക്കണം

നായർ സർവീസ് സൊസൈറ്റിയുടെ കീഴിൽ എയ്ഡഡ് മേഖലയിൽ 38 ഹയർ സെക്കണ്ടറി സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. 2016 വർഷം മുതൽ ഈ സ്കൂളുകൾ നേരിടുന്ന പ്രധാന പ്രശ്നം പലയിടത്തും മതിയായ അദ്ധ്യാപകരില്ല എന്നുള്ളതാണ്. ഇപ്പോൾ ഏകദേശം 75 അദ്ധ്യാപകതസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്.

ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി, നിയമാനുസൃതം ഇന്റർവ്യൂ നടത്തി ഒഴിവുകൾ നികത്താനുള്ള സെലക്ഷൻ കമ്മറ്റിയിലേക്ക് സർക്കാർപ്രതിനിധിയെ അനുവദിച്ചുകിട്ടുവാനുള്ള അപേക്ഷകൾ എൻ.എസ്.എസ്. മാനേജ്മെന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (HSE) അയക്കുവാനായി ബന്ധപ്പെട്ട ഹയർ സെക്കണ്ടറി റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർക്ക് 2017 ഒക്ടോബർമാസം ആദ്യമായി സമർപ്പിക്കുകയുണ്ടായി. അതിന്മേൽ നടപടികൾ ഒന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ 2018 നവംബർമാസം പുതിയ അപേക്ഷകൾ സമർപ്പിച്ചു. അതിന്മേലും നടപടികൾ ഒന്നും ഉണ്ടാകാത്തതിനാൽ 2019 ഒക്ടോബർ മാസം മൂന്നാമതും അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ടി വിഷയം ബന്ധപ്പെട്ട റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാരുമായി ചർച്ച ചെയ്യുകയും അവർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് വീണ്ടും 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലായി പുതിയ അപേക്ഷകൾ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചു. എങ്കിലും കോട്ടയം റീജിയണൽ ഡപ്യൂട്ടി ഡയറക്ടർ മാത്രമാണ് ഇതിന്മേൽ നടപടി സ്വീകരിച്ച് അപേക്ഷ ശിപാർശ ചെയ്ത് പൊതുവിദ്യാഭ്യാസഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്.

തിരുവനന്തപുരം, ചെങ്ങന്നൂർ, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസിൽ നിന്നുമാണ് അപേക്ഷകൾ ശിപാർശ ചെയ്ത് പൊതുവിദ്യാഭ്യാസഡയറക്ടർക്ക് (HSE) ഇനിയും അയക്കുവാനുള്ളത്. മേല്പറഞ്ഞ ആഫീസുകളുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും അവിടെനിന്നും അനുകൂലമായ നടപടികൾ ഇതുവരെയും സ്വീകരിച്ചുകാണുന്നില്ല എന്നത് തികച്ചും ഖേദകരമാണ്.

സാധാരണക്കാരായ ജനവിഭാഗത്തിന്റെ കുട്ടികൾ പഠിക്കുന്ന എയ്ഡഡ് മേഖലയിലുള്ള എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ അഭാവം മൂലം പാഠ്യപാഠ്യേതരവിഷയങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധ നല്കുവാൻ കഴിയുന്നില്ല.

ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബോധപൂർവമോ അല്ലാതെയോ ഉണ്ടാകുന്ന ഇത്തരം സാഹചര്യം, വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾക്ക് വിഘാതം സൃഷ്ടിക്കുന്നു എന്നതിനാൽ പ്രശ്നപരിഹാരത്തിന് ഗവണ്മെന്റിനെ സമീപിക്കേണ്ടതായി വന്നു.

അതിന്റെ അടിസ്ഥാനത്തിൽ, എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകഒഴിവുകൾ നികത്തുന്നതിനായി ഇന്റർവ്യൂ നടത്താനുള്ള സെലക്ഷൻ കമ്മറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ അനുവദിച്ചു നല്കുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് എത്രയും വേഗം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രശ്നപരിഹാരത്തിനായി പൊതുവിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം സമർപ്പിച്ചിരിക്കുകയാണ്.